(ഇ) സംസ്ഥാനത്തെ വനഭൂമി സർവ്വേ ചെയ്ത് തിട്ടപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വനഭാഗങ്ങളിലും അതിർത്തി പുനർനിർണ്ണയിച്ചു വരികയാണ്. അതിർത്തി നിർണ്ണയിച്ച ശേഷമേ സർവ്വേ നടത്തുവാൻ സാധിക്കുകയുള്ളു.

കണ്ടൽകാടുകളുടെ സംരക്ഷണത്തിനുള്ള നടപടികൾ

110 (2559) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ ആകെ എത്ര ഹെക്ടർ കണ്ടൽക്കാടുകളാണ് ശേഷിക്കുന്നത് ;

(ബി) മറൈൻ ഇക്കോസിസ്റ്റത്തിന്റെ അത്യുത്തമ കലവറയായ കണ്ടൽ കാടുകളുടെ സംരക്ഷണം, പുനരുജ്ജീവനം, വ്യാപനം എന്നിവയ്ക്കായി വനം വകുപ്പ് എന്തെങ്കിലും നടപടികൾ ഇപ്പോൾ ആവിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു തുകയാണ് ഇതിനായി മാറ്റിവച്ചിട്ടുള്ളതെന്നും എപ്പോൾ മുതൽ നടപ്പാക്കിവരുമെന്നതിന്റെയും വിശദാംശം വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കണ്ടൽക്കാടുകളുള്ള കണ്ണൂർ ജില്ലയിലെ കണ്ടൽക്കാടുകളുടെ സംരക്ഷണം, പുനരുദ്ധാരണം, വ്യാപനം എന്നിവയ്ക്ക് എന്തെങ്കിലും പ്രത്യേക പദ്ധതി സർക്കാർ നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുമോ ;

(ഡി) തലശ്ശേരി പ്രദേശത്ത് കണ്ടൽക്കാടുകൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന ശോഷണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വികസനവും സംരക്ഷണവും സമന്വയിപ്പിച്ച് ഇവിടുത്തെ ഉപ്പുജല ജൈവവ്യൂഹങ്ങളുടെ നിലനില്പിന് എന്തെല്ലാം പ്രത്യേക പദ്ധതികളാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നുകൂടി വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1650 ഹെക്ടർ കണ്ടൽക്കാടുകളുണ്ട്.

(ബി) കണ്ടൽക്കാടുകളുടെ സംരക്ഷണം, പുനരുജ്ജീവനം, വ്യാപനം എന്നിവയ്ക്കായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ പദ്ധതി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിനു വേണ്ടി ആദ്യവർഷത്തേക്ക് 50.850 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും ഡാം പദ്ധതി സഹായം ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

(സി) കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികളിൽ കണ്ണൂർ ജില്ലയിലെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനുള്ള പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തലശ്ശേരി പ്രദേശത്തുള്ള കണ്ടൽക്കാടുകളുടെ ശോഷണം തടയുന്നതിന് നിലവിലുള്ള നിയമങ്ങളനുസരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇവിടുത്തെ ഉപ്പുജല ജൈവവ്യൂഹത്തിന്റെ നിലനില്പിനാവശ്യമായ നടപടികളും അംഗീകരിച്ചിട്ടുള്ള ഒരു പദ്ധതിപ്രകാരം ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly